കൽപ്പറ്റ നിയോജകമണ്ഡലത്തിൽ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

226 (2506) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പ് :

ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പരിശീലനാർത്ഥികൾക്കുള്ള ന്യൂടീഷ്യൻ പ്രോഗ്രാം നടപ്പിലാക്കി. ലോകബാങ്ക് സഹായത്തോടെ ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ (വി.ടി.ഐ.പി) കൽപ്പറ്റ ഐ.ടി.ഐ.-യെയും തെരഞ്ഞെടുത്തിരുന്നു. ടി പദ്ധതി പ്രകാരം കൽപ്പറ്റ ഐ.ടി.ഐ.യിൽ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടത്തിയിരുന്നു. ഇത് ഒരു തുടർപദ്ധതിയാണ്. ഈ സർക്കാരിന്റെ കാലത്ത് 259.20 ലക്ഷം രൂപയുടെ ഉപകരണ സംഭരണം നടത്തിയിട്ടുണ്ട്.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് :

കേരളത്തിൽ ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കാത്ത ഏക ജില്ലയായ വയനാട് ജില്ലയിലെ കൽപ്പറ്റ ആസ്ഥാനമാക്കി ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയതിനെത്തുടർന്ന് 07-01-2016-ൽ ടി ഡിസ്പെൻസറി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വ്യാവസായിക പരിശീലന വകുപ്പ് :

ന്യൂടീഷ്യൻ പ്രോഗ്രാമിനുവേണ്ടി 2014-15 വർഷം 3,21,375 രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 വർഷത്തേക്ക് ടി പദ്ധതിക്കായി 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2009-10-ലാണ് ടി പദ്ധതി കൽപ്പറ്റ ഐ.ടി.ഐ.-യിൽ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചത്. കൽപ്പറ്റ ഐ.ടി.ഐ.-യിലെ പദ്ധതികളുടെ തുക 381.32 ലക്ഷം രൂപയാണ്. ഇതിനുപുറമെ 2014-15 വർഷത്തിൽ 67.3 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം ആകെ 390.63 ലക്ഷം രൂപ (CoE-381.32+9.31 Additional Fund) ചെലവായി.

പദ്ധതി തുക (ലക്ഷം)	ആകെ ചെലവായ തുക (ലക്ഷം)	കഴിഞ്ഞ 5 വർഷ ക്കാലം ചെലവായ തുക (ലക്ഷം)
448.62	390.63	259.20
CoE - 381.32+	CoE - 381.32+	CoE - 249.89+
Additonal	Additonal	Additonal
Fund - 67.30	Fund - 9.31	Fund - 9.31

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് :

7-1-2016-ൽ പ്രവർത്തനമാരംഭിച്ച കല്പറ്റയിലെ പ്രസ്തുത ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ജീവനക്കാരുടെ ശമ്പളവും മറ്റലവൻസുകളും മാത്രമേ സംസ്ഥാന സർക്കാരിൽ നിന്ന് ചെലവഴിക്കുന്നുള്ളൂ.

കിളിമാനൂർ ;ടൗൺ എംപ്ലോയ്മെന്റ് ഓഫീസ്

227 (2507) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സർട്ടിഫിക്കറ്റുകളും ഫോട്ടോയും സാക്ഷ്യപ്പെടുത്തി നൽകുവാൻ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് സമയക്രമം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കിളിമാനൂർ ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ സർട്ടിഫിക്കറ്റുകളും ഫോട്ടോയും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കാൻ എത്തുന്നവരോട് അപമര്യാദയായി പെരുമാറുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ & ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly